**നമ്പർ. എ2-3844/15**

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി : 26-05-2015.

# സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - വിവിധ കാര്യാലയങ്ങളിൽ നടന്ന എ.ജി. ഓഡിറ്റിൽ തീർപ്പാക്കാതെ നിൽക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിന് - ഓഡിറ്റ് അദാലത്ത് സംഘടിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:- 25.04.2015 ലെ ഇതേ നമ്പർ സർക്കുലർ.

സാമൂഹ്യനീതി വകുപ്പിലെ എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ വിവിധ കാര്യാലയങ്ങളിൽ എ.ജിയുടെ ഓഡിറ്റിൽ തീർപ്പാകാതെ നിൽക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് അദാലത്തിലേക്ക് 27.05.2015 ന് രാവിലെ പത്ത് മണിക്ക് എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലകളിലെയും, 28.05.2015 ന് രാവിലെ പത്ത് മണിക്ക് പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെയും ഓഡിറ്റ് പരാമർശങ്ങൾ നിലനിൽക്കുന്ന കാര്യാലയങ്ങളിലെ മേധാവികളും ഒരു സഹായിയും മാത്രം പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളുടെ അന്തിമ മറുപടിയും ഫയലും സഹിതം സാമൂഹ്യനീതി ഡയറക്ടറേറ്റ് അനക്സിലെ ട്രെയിനിംഗ് ഹാളിൽ നിർദ്ദേശിച്ച ദിവസം കൃത്യസമയത്ത് ഓഡിറ്റ് അദാലത്തിന് ഹാജരാകേണ്ടതാണ്.

പരിശോധന റിപ്പോർട്ടും, അന്തിമ മറുപടിയും ഹാജരാക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് അറിയിക്കുന്നു.

**സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി**

ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്ക്

PL/15